"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ശ്രീ. ഡി. ഓമനക്കുട്ടൻ അനധികൃതമായി ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി ( ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**1056/2024/AGRI** തീയതി,തിരുവനന്തപുരം, **08-11-2024**

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ **04/03/2022** ലെ എസ്.ഇ (2) **4406/2019** നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം പാറക്കടവ് കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ആയ ശ്രീ. ഡി. ഓമനക്കുട്ടൻ, അനധികൃതമായി ഹാജരാകാതിരുന്നുവെന്നും ടിയാന് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിരുന്നുവെന്നും പ്രസ്തുത മറുപടിയിൽ ടിയാൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നത് ശാരീരിക അസ്വസ്ഥതകൾ കാരണമാണെന്നും മാത്രമല്ല **2018** – ലെ പ്രളയത്തിൽ ഉൾപ്പെട്ട വ്യക്തിയാണെന്നും ആയതിനാൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന **19.05.2018** മുതലുള്ള കാലയളവിൽ അവധി അനുവദിയ്ക്കണമെന്നും ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം ശിപാർശയുടെ അടിസ്ഥാനത്തിൽ എറണാകുളം പാറക്കടവ് കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ആയ ശ്രീ. ഡി. ഓമനക്കുട്ടൻ, അനധികൃതമായി ഹാജരാകാതിരുന്ന **19.05.2018 മുതൽ 17.05.2019** വരെയും, **20.05.2019 മുതൽ 10.09.2020 (19.05.2019 തീയതി മുൻചേർത്ത്)** വരെയുമുള്ള കാലയളവുകൾ ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ. എസ്. ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. ഓമനക്കുട്ടൻ ഡി (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/75/2022-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 11-11-2024 12:18:38
സെക്ഷൻ ഓഫീസർ